# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2319

08.12.2015 ൽ മറുപടിയ്ക്ക്

## മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

**ചോദ്യം**

ശ്രീ. ആർ.സെൽവരാജ്

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) 2016-17 അദ്ധ്യയന വർഷത്തിൽ മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എ.ഐ.സി.റ്റി.ഇ അംഗീകാരം കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) 2016-17 അദ്ധ്യയന വർഷത്തിൽ മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. 2015 2016 ൽ കോളേജ് ആരംഭിക്കുന്നതിന് അംഗീകാരത്തിനുവേണ്ടി എ.ഐ.സി.റ്റി.ഇ. ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതുകൊണ്ട് അംഗീകാരം ലഭിച്ചില്ല. കെട്ടിട നിർമ്മാണം പുരോഗമിച്ച് വരുന്നു. അപേക്ഷ ക്ഷണിക്കുന്നതനുസരിച്ച് എ.ഐ.സി.റ്റി.ഇ. യ്ക്ക് അംഗീകാരത്തിനുള്ള അപേക്ഷ നൽകുന്നതാണ്.

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവായി; ഏതൊക്കെ പണികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 31.12.2015 ന് മുൻപ് പണി പൂർത്തീകരിക്കുവാൻ കരാറുകാരന് കേപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ചെലവായ തുക 7,09,89,761/- രൂപയാണ്. ഇനിയും പൂർത്തിയാക്കാനുള്ള പണികൾ താഴെപ്പറയുന്നു.

1. കോമ്പൗണ്ട് വാൾ
2. ഇലക്ട്രിക്കൽ റൂം
3. ക്യാമ്പസ് റോഡ്
4. യാർഡ്‌ലെവലിംഗ്
5. പാർക്കിംഗ് ഏരിയ
6. കോമ്പൗണ്ട് ഗേറ്റ്

| | | | |
|---|---|---|---|
| | | | 7. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും അക്കാഡമിക് ബ്ലോക്കിന്റെയും ഫിനിഷിംഗ് പണികൾ<br>8. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പർഗോള |
| (സി) | കോളേജിന് ആവശ്യമായ ഫർണിച്ചറുകളുടെ ഓർഡർ നൽകുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ എന്നാണ് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി നൽകിയത്; ഓർഡർ നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇതിന് ചുമതലപ്പെട്ട കേപ്പ് -ലെ ഉദ്യോഗസ്ഥർ ആരാണ്; | (സി) | ഭരണാനുമതി നൽകിയത് 06.03.2015 നാണ്. ഉപകരണങ്ങളും ഫർണീച്ചറും വാങ്ങുന്നതിനുള്ള ടെൻഡർ നോട്ടീസ് ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിന് ചുമതലപ്പെട്ട കേപ്പിലെ ഉദ്യോഗസ്ഥൻ കേപ്പിന്റെ ഡയറക്ടറാണ്. |
| (ഡി) | പ്രസ്തുത കോളേജിന് എ.ഐ.സി.റ്റി.ഇ അംഗീകാരം ലഭിക്കാൻ ഏതൊക്കെ ലാബുകളാണ് സജ്ജീകരിക്കേണ്ടത്; പ്രസ്തുത ലാബുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ഡി) | താഴെപ്പറയുന്ന ലാബുകളാണ് എ.ഐ.സി.റ്റി.ഇ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സജ്ജീകരിക്കേണ്ടത്.<br>1. മെക്കാനിക്കൽ വർക്ക്ഷോപ്പ്<br>2. ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്<br>3. കമ്പ്യൂട്ടർ ലാബ്/സെന്റർ<br>4. ഫിസിക്സ് ലാബ്<br>5. കെമിസ്ട്രി ലാബ്<br>6. ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ്<br>7. സിവിൽ വർക്ക്ഷോപ്പ്<br>8. ലാംഗ്വേജ് ലാബ്<br>ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) | പ്രസ്തുത കോളേജിനു വേണ്ടി വർക്ക്ഷോപ്പ് സജ്ജീകരിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ക്രമീകരണങ്ങൾക്ക് ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഫ്ലോറിംഗ് ഇനിയും പൂർത്തിയായിട്ടില്ല. വർക്ക്ഷോപ്പ് ക്രമീകരിക്കുന്നതിന്റെ ഉത്തരവാദിത്തം കോളേജ് പ്രിൻസിപ്പാൾ ഇൻ-ചാർജ്ജിനാണ്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത കോളേജിലെ ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര കമ്പ്യൂട്ടർ വാങ്ങാനാണ് ഓർഡർ നൽകിയിട്ടുള്ളത്; ഓർഡർ നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണ് ; | (എഫ്) | ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുന്നതിനാവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങേണ്ടതായിട്ടുണ്ട്. ഇവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കോളേജ് ഡയറക്ടറാണ്. |
| (ജി) | പ്രസ്തുത കോളേജിന് വേണ്ടി ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ജി) | ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ